നം. എസ്.3–1490
തീയതി: 10.09.2026.

എടക്കര ഗ്രാമപഞ്ചായത്ത്

എടക്കര പി.ഒ., മലപ്പുറം ജില്ല, പിൻ–679331
ഫോൺ: 04931–275229, 9496047795, ഇ.മെയിൽ: mpmedakkaragp@gmail.com

എടക്കര ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ ലേല പരസ്യം

എടക്കര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ ഗ്രൗണ്ട് ഫ്ളോറിലുള്ള **16** മുറികളുടെ **2026–27 വർഷത്തേക്കുള്ള വാടകാവകാശം 01.10.2026 വ്യാഴാഴ്ച പകൽ 11 മണിക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച്** സെക്രട്ടറിയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്തു നൽകുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ **29.09.2026 ന് പകൽ 3** മണിക്കുള്ളിൽ ലേലത്തിലെടുക്കാൻ ആഗ്രഹിക്കുന്ന റൂമിന്റെ/ റൂമുകളുടെ വിവരം കാണിച്ചുകൊണ്ടുള്ള അപേക്ഷയും തിരിച്ചറിയൽ രേഖയും ലേലവ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ടുള്ള കരാർപത്രവും (200/-രൂപയുടെ മുദ്രപത്രത്തിൽ ഒപ്പ് വെച്ച്) ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. സംവരണ മുറിയുടെ ലേലത്തിൽ പങ്കെടുക്കേണ്ടവർ സംവരണ ആനുകൂല്യം തെളിയിക്കുന്ന സാക്ഷ്യപത്രം കൂടി ഹാജരാക്കേണ്ടതാണ്. അപ്രകാരം അപേക്ഷ സമർപ്പിച്ചവർക്ക് **01.10.2026 ന് 11 മണിക്ക്** നടക്കുന്ന ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലം തുടങ്ങുന്നതിനു മുമ്പായി നിശ്ചിത തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി പഞ്ചായത്തിൽ കെട്ടിവയ്ക്കേണ്ടതുമാണ്. ലേലദിവസം ഏതെങ്കിലും കാരണവശാൽ അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ടി സ്ഥലത്തും സമയത്തും ലേലം നടത്തുന്നതായിരിക്കും.

കൂടാതെ ലേലത്തിനെടുക്കുവാൻ ആഗ്രഹിക്കുന്ന മുറിയെ സംബന്ധിച്ച വിവരവും, എടുക്കുവാൻ ആഗ്രഹിക്കുന്ന തുകയും രേഖപ്പെടുത്തി കോളം 5-ൽ കാണിച്ചിട്ടുള്ള നിരതദ്രവ്യം പഞ്ചായത്തിൽ അടവാക്കിയതിന്റെ രസീതും ഉൾപ്പെടെ കവറിലിട്ട് സീൽ ചെയ്ത ക്വട്ടേഷനുകളും പരിഗണിക്കുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന സീൽചെയ്ത ക്വട്ടേഷനുകൾ ലേലം അവസാനിച്ചതിന് ശേഷം സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ സീൽ ചെയ്ത കവർ തുറന്ന് പരിശോധിക്കുകയും ലേലം ഉറപ്പിച്ച തുകയെക്കാൾ കൂടുതൽ തുകയാണ് രേഖപ്പെടുത്തിയതെങ്കിൽ ആ വ്യക്തിക്ക് പഞ്ചായത്ത് വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി റൂം നൽകുന്നതുമാണ്. ഇപ്രകാരം സീൽ ചെയ്ത കവറുകൾ **01.10.2026 ന് 10.30** ന് മുമ്പായി സമർപ്പിക്കേണ്ടതാണ്. 10.30 ന് ശേഷം കവറുകൾ സ്വീകരിക്കുന്നതല്ല.

കടമുറികളുടെ വിശദാംശങ്ങളും ലേല നിബന്ധനകളും താഴെചേർക്കുന്നു.

ക്രമ നം	കടമുറിയുടെ തരം	ദിവസ വാടക	സെക്യൂരിറി ഡെപ്പോസിറ്റ്	ലേലത്തിൽപങ്കെടുക്കാൻ കെട്ടിവയ്ക്കേണ്ട തുക (രൂപ)	സംവരണ നില
1.	ഗ്രൗണ്ട് ഫ്ളോറിലെ 1, 7, 8 റൂമുകൾ	600 + GST	10 ലക്ഷം	50000/- രൂപ	ബാധകമല്ല
2.	ഗ്രൗണ്ട് ഫ്ളോറിലെ 10, 14, 18 റൂമുകൾ	500 + GST	5 ലക്ഷം	40000/- രൂപ	ബാധകമല്ല
3.	ഗ്രൗണ്ട് ഫ്ളോറിലെ 11, 12, 13, 16, 17 റൂമുകൾ	450 + GST	5 ലക്ഷം	40000/- രൂപ	ബാധകമല്ല
4.	ഗ്രൗണ്ട് ഫ്ളോറിലെ 20, 21, 28, 29 റൂമുകൾ	400 + GST	5 ലക്ഷം	40000/- രൂപ	ബാധകമല്ല
5.	ഗ്രൗണ്ട് ഫ്ളോറിലെ 27-ാം നമ്പർ റൂം	300 + GST	5 ലക്ഷം	40000/- രൂപ	ഭിന്നശേഷിക്കാർ

നിബന്ധനകൾ

1. ഈ ലേലത്തിന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമവും ബന്ധപ്പെട്ട ചട്ടങ്ങളും ബൈലായും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങളും മാത്രമായിരിക്കും അടിസ്ഥാനം.
2. 29.09.2026 ന് വൈകുന്നേരം 3 മണിക്ക് മുമ്പ് മേൽപ്പറഞ്ഞ പ്രകാരം അപേക്ഷ സമർപ്പിക്കുകയും ലേലദിവസം ലേലം തുടങ്ങുന്നതിന് മുമ്പ് നിശ്ചിത സെക്യൂരിറ്റി തുക പഞ്ചായത്ത് ഓഫീസിൽ പണമായി കെട്ടിവെയ്ക്കുകയും ചെയ്യുന്നവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുകയുള്ളു.
3. വിശദ വിവരങ്ങളോടുകൂടിയ കവർ സീൽ ചെയ്ത കൺസീൽഡ് ക്വട്ടേഷനുകളും പരിഗണിക്കുന്നതായിരിക്കും.
4. ഓരോ മുറിയുടെയും വാടക തുകയാണ് ലേലം ചെയ്യുന്നത്. ഏറ്റവും കൂടിയ വാടക നൽകാൻ തയ്യാറുള്ളവർക്ക് ലേലം താൽകാലികമായി ഉറപ്പിക്കുന്നതും പഞ്ചായത്ത് തീരുമാനത്തിന് ശേഷം അന്തിമമായി ഉറപ്പിക്കുന്നതുമായിരിക്കും. ലേലം അംഗീകരിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ സെക്യൂരിറ്റി ഡിപ്പോസിറ്റ് തുകയുടെ 50 % വും ബാക്കി തുക 1 മാസത്തിനുള്ളിലും പഞ്ചായത്ത് ഓഫീസിൽ അടവാക്കേണ്ടതാണ്. സെക്യൂരിറ്റി ഡിപ്പോസിറ്റ് തുക പണമായി മാത്രമേ സ്വീകരിക്കുകയുള്ളൂ.
5. പഞ്ചായത്തുമായി നിലവിൽ ഏതെങ്കിലുംതരത്തിലുള്ള വ്യവഹാരങ്ങൾ നടത്തുന്നവർക്കും കുടിശികയുള്ളവർക്കും ജപ്തി നടപടികൾക്ക് വിധേയരായവർക്കും ലേലത്തിൽ പങ്കെടുക്കുന്നതിന് അനുവാദം ഇല്ലാത്തതാണ്.

PTO

6. 200/- രൂപാ വിലയുള്ള മുദ്രപത്രത്തിൽ നിയമാനുസരണം ലേലംവിളി കേട്ടയാൾ സ്വന്തം ചെലവിൽ പഞ്ചായത്തുമായി ഉടമ്പടി വെയ്ക്കേണ്ടതാണ്. പ്രസ്തുത ഉടമ്പടി 1994 ലെ പഞ്ചായത്ത് ആക്ടിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ബന്ധപ്പെട്ട ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറത്തിലായിരിക്കേണ്ടതാണ്.

7. ലേലം സ്ഥിരപ്പെടുത്താത്തവർക്ക് ഡിപ്പോസിറ്റ് സംഖ്യ തൽസമയം തന്നെ മടക്കി കൊടുക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തിയവരുടെ ഡിപ്പോസിറ്റ് അവരുടെ പേരിൽ ലേല സെക്യൂരിറ്റി ഡിപ്പോസിറ്റായി പഞ്ചായത്ത് ഫണ്ടിൽ വരവു വയ്ക്കുന്നതായിരിക്കും. ആയതിന് യാതൊരു പലിശയും നൽകുന്നതല്ല.

8. മുറികൾ കൈവശം വയ്ക്കുന്നതിനുള്ള അവകാശം 2027 മാർച്ച് 31 ന് അവസാനിക്കും വിധം പരസ്യലേലം മുഖേന ഉറപ്പിക്കുന്ന പ്രതിദിന വാടകയുടെ അടിസ്ഥാനത്തിലായിരിക്കും നൽകുന്നത്.

9. പഞ്ചായത്ത് കമ്മിറ്റിക്ക് യുക്തമെന്ന് തോന്നുന്ന അധിക വാടക നിശ്ചയിച്ച് വീണ്ടും മുൻ വാടകക്കാരന് തന്നെ ലേലം കൂടാതെ മുറി വാടകയ്ക്ക് നൽകാൻ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും. എന്നാൽ അധിക വാടക നിലവിലുള്ള വാടക തുകയേക്കാൾ 5% അധികരിക്കാൻ പാടില്ല. സർക്കാരിൽ നിന്നോ മറ്റ് മേലധികാരികളിൽ നിന്നോ കാലാകാലം പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിബന്ധനകളും ഈ നിബന്ധനകളോടൊപ്പം ഉഭയകക്ഷികൾക്കും ബാധകമായിരിക്കും.

10. ലേലം സ്ഥിരപ്പെടുത്തിയ അറിയിപ്പ് കിട്ടി നിശ്ചിത തീയതിക്കുള്ളിൽ നിയമപ്രകാരം ഉടമ്പടി വെച്ച് മുറി ഏറ്റുവാങ്ങാത്ത പക്ഷം ലേലം ദുർബലപ്പെടുത്തുന്നതും ലേലംവിളി കേട്ടയാൾ പഞ്ചായത്തിലേയ്ക്ക് മുൻകൂർ കെട്ടി വച്ച നിരത ദ്രവ്യം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നത് കൂടാതെ മുറി വീണ്ടും ലേലം ചെയ്യുമ്പോൾ ലേലസംഖ്യ ആദ്യത്തേതിലും കുറവായാൽ തൻമൂലം പഞ്ചായത്തിന് സംവിക്കുന്ന നഷ്ടം ഒന്നാമത്തെ ലേലം വിളി കേട്ടയാളിൽ നിന്നും വസൂലാക്കുന്നതിന് പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതും ആയതിന് ഒന്നാമത്തെ ലേലം വിളി കേട്ടയാളും അയാളുടെ സ്വത്തുക്കളും ഉത്തരവാദിയായിരിക്കുന്നതുമാണ്.

11. മുറിയിൽ ഉപയോഗിക്കുന്ന ഉപകരണ വസ്തുക്കളുടെ ചെലവുകൾ കൂടാതെ വെള്ളക്കരം, വൈദ്യുതക്കരം തുടങ്ങിയവ ലേലംവിളി കേട്ടയാൾ വഹിക്കേണ്ടതാണ്.

12. ലേലംവിളി കേട്ടയാൾ മുറിയുടെ പ്രതിമാസ വാടക അതാത് മാസം 5-ാം തീയതിക്ക് മുമ്പ് പഞ്ചായത്ത് ഓഫീസിൽ അടവാക്കേണ്ടതാണ്. വാടക യഥാസമയം അടവാക്കുന്നതിൽ വീഴ്ച വരുത്തിയാൽ നിശ്ചിത തീയതി മുതൽ പണം അടയ്ക്കുന്ന തീയതി ഉൾപ്പെടെയുള്ള കാലത്തേയ്ക്ക് 1 % പിഴപ്പലിശയോടുകൂടി അടയ്ക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന സംഗതിയിൽ കടമുറി അടപ്പിയ്ക്കുന്നതും ലേലാവകാശം ഒഴിപ്പിക്കുന്നതുമാണ്.

13. ലേലാവകാശം ഒഴിപ്പിക്കപ്പെട്ട കടകൾ അടച്ചിട്ടാൽത്തന്നെയും ലേലം കൊണ്ടയാളും പരിസരം ഉപയോഗിക്കുന്നയാളും കൈവശക്കാരനായി തുടരുന്നതും അവിടെയുള്ള വസ്തുക്കളുടെ സുരക്ഷയ്ക്ക് ഉത്തരവാദിയായിരിക്കുന്നതും ആകുന്നു. എന്നാൽ അയാൾ ആ പരിസരങ്ങൾ ബലം ഉപയോഗിച്ച് തുറക്കാനോ അവിടെ പുനപ്രവേശിക്കാനോ പാടില്ലാത്തതുമാകുന്നു.

14. മുറി ലേലംവിളി കേട്ടയാൾ യാതൊരു കാരണവശാലും മറ്റൊരാൾക്ക് മുറി കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്. മുറി മറ്റൊരാൾക്ക് കൈമാറ്റം ചെയ്ത് കൊടുത്തിട്ടുള്ളതായി ഏതെങ്കിലും സമയത്ത് സെക്രട്ടറിക്കു തോന്നുന്നുവെങ്കിൽ അങ്ങിനെയുള്ളയാൾക്ക് കൊടുത്തിട്ടുള്ള ലൈസൻസ് ഉടൻതന്നെ ഉത്തരവ് വച്ച് റദ്ദാക്കുന്നതും അതത് സംഗതി പോലെ ആ കെട്ടിടമോ മുറിയോ ഇടമോ ഉപയോഗിക്കുകയും കൈവശം വച്ചിരിക്കുകയും ചെയ്യുന്ന ആളോ, ആളുകളോ ആ ഉത്തരവിൽ പറഞ്ഞിരിക്കുന്ന സമയത്തിനുള്ളിൽ ഒഴിഞ്ഞു പോകേണ്ടതും ലൈസൻസ് റദ്ദുചെയ്യുന്നതുമായിരിക്കും. ഇങ്ങനെ മുറി ഒഴിയാതെ വന്നാൽ പോലീസ് സഹായത്തോടെയോ അല്ലാതെയോ നീക്കം ചെയ്യുന്നതും ആ കെട്ടിടമോ മുറിയോ ഇടമോ അതതു സംഗതിപോലെ അടപ്പിച്ചിടുന്നതുമായിരിക്കും. അതിനെ തുടർന്ന് ആ പരിസരത്ത് കാണപ്പെടുന്ന എല്ലാ വസ്തുക്കളും പഞ്ചായത്തിന്റെ ഫണ്ടിൽ വരവു വയ്ക്കുന്നതുമാകുന്നു.

15. പൊതുജനങ്ങളുടെ ആരോഗ്യത്തിനും താല്പര്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമായ സാധനങ്ങൾ (പാൻപരാഗ്, ഗുഡ്ക മുതലായ നിരോധിത ഉൽപന്നങ്ങൾ) മുറിയിൽ സൂക്ഷിക്കുകയോ പ്രദർശിപ്പിക്കുകയോ വിൽപന നടത്തുകയോ ചെയ്യാൻ പാടില്ല. മുറികളിൽ നടത്തപ്പെടുന്ന കച്ചവടങ്ങൾക്ക് ലേലംവിളി കേട്ടയാൾ പഞ്ചായത്തിന്റെയോ ഗവൺമെന്റിന്റെയോ പ്രത്യേക ലൈസൻസ് ആവശ്യമുള്ള സംഗതിയിൽ അവ വാങ്ങിയിരിക്കേണ്ടതാണ്. പഞ്ചായത്തിൽ നിന്ന് ലൈസൻസ് വാങ്ങുന്ന കാര്യത്തിനല്ലാതെ മറ്റു കാര്യങ്ങൾക്കായി ലേലം കൊണ്ട മുറി ഉപയോഗിക്കാൻ പാടുള്ളതല്ല. പ്രസ്തുത മുറികൾക്ക് ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ലേലക്കാരന് നടത്തണമെങ്കിൽ പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത ലൈസൻസ് അസാധുവാക്കുന്നതുമാണ്.

16. ലേലത്തിലെടുക്കുന്ന റൂമിൽ/ റൂമുകളിൽ നിന്നുള്ള മാലിന്യങ്ങളുടെ നിർമ്മാർജ്ജനം ഉൾപ്പെടെയുള്ള പൂർണ്ണ ഉത്തരവാദിത്വം ലേലംവിളി കേട്ടയാളിൽ നിക്ഷിപ്തമായിരിക്കും.

17. ഗ്രൗണ്ട് ഫ്ളോറിലെ 2, 3, 4, 5, 6, 9, 15, 19, 22, 23, 24, 25, 26, എന്നീ റൂമുകൾ ലേലത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

18. ഷോപ്പിംഗ് കോംപ്ലക്സിലെ ഒന്നിൽ കൂടുതൽ റൂമുകളുടെയോ ഒന്നോ അതിൽ കൂടുതൽ നിലകളുടേതോ ഒന്നിച്ച് (സംവരണ റൂമുകൾ ഒഴികെ) വാടകാവകാശം നേരിട്ട് ഏറ്റെടുക്കാൻ ആഗ്രഹിക്കുന്നവർ അതാത് റൂമുകളുടെ ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. അഞ്ചോ അതിലധികമോ റൂമുകളുടെ ലേലത്തിൽ പങ്കെടുക്കുന്നയാൾ ലേലത്തിൽ പങ്കെടുക്കുന്നതിനായി കെട്ടിവെയ്ക്കേണ്ട തുക 250000/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

19. ലേലം ഉറപ്പിക്കുന്നത് സംബന്ധിച്ച് പരിപൂർണ്ണ അധികാരം എടക്കര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

സെക്രട്ടറി (ഒപ്പ്)
എടക്കര ഗ്രാമപഞ്ചായത്ത്